**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1764** **12-09-2023 - ൽ മറുപടിയ്ക്ക്**

**പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കൃഷി വകുപ്പിന്റെ പൊതുമേഖലാ സ്ഥാപനങ്ങളായ കേരള അഗ്രോ ഇൻഡസ്ടീസ് കോർപ്പറേഷൻ, അത്താണിയിൽ പ്രവർത്തിക്കുന്ന കാംകോ എന്നീ സ്ഥാപനങ്ങൾ 2021-22, 2022-23 എന്നീ സാമ്പത്തിക വർഷങ്ങളിൽ എത്ര കോടി രൂപയുടെ വിറ്റ് വരവാണ് നടത്തിയിട്ടുള്ളത് എന്ന് വിശദമാക്കാമോ; | (എ) | **കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ 2021-2022 വർഷത്തിൽ 87,14,66,116/- രൂപയുടേയും 2022-23 വർഷത്തിൽ 1,07,03,96,000/- രൂപയുടേയും വിറ്റുവരവ് നടത്തിയിട്ടുണ്ട്.**<br><br>**കേരള അഗ്രോ മെഷിനറി കോർപ്പറേഷനിൽ 2021-22 സാമ്പത്തിക വർഷത്തിൽ 217.92 കോടി രൂപയുടെയും, 2022-23 സാമ്പത്തിക വർഷത്തിൽ 106.25 കോടി രൂപയുടെയും വിറ്റുവരവാണ് നടത്തിയിട്ടുള്ളത്.** |
| (ബി) | 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ പ്രസ്തുത സ്ഥാപനങ്ങൾ ലാഭത്തിലാണോ പ്രവർത്തിച്ചിരുന്നത്; എങ്കിൽ എത്ര കോടി രൂപ ലാഭത്തിലാണ് പ്രവർത്തിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | **കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ 2021-2022 വർഷത്തിൽ നഷ്ടത്തിലും 2022-2023 വർഷത്തിൽ ലഭത്തിലുമാണ് പ്രവർത്തിച്ച് വരുന്നത്. 2021-2022 വർഷത്തിലെ പ്രവർത്തന നഷ്ടം (Operative Loss) 1,17,80,987/- രൂപയും 2022-2023 വർഷത്തിലെ പ്രവർത്തന ലാഭം (Operative Profit) 17,67,453/- രൂപയുമാണ്. ആഡിറ്റ് അന്തിമമായി പൂർത്തീകരിച്ചിട്ടില്ല.**<br><br>**കേരള അഗ്രോ മെഷിനറി കോർപ്പറേഷനിൽ 2021-22 വർഷത്തിൽ 73 ലക്ഷം രൂപയുടെ ലാഭം നേടി. 2022-23 വർഷത്തിൽ 27 കോടി രൂപയുടെ നഷ്ടം വന്നിട്ടുണ്ട്. 2021-22, 2022-23 വർഷങ്ങളിലെ ആഡിറ്റ് പൂർത്തീകരിച്ചിട്ടില്ല.** |

സെക്ഷൻ ഓഫീസർ